**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1913** **13-02-2025 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (എ) | **ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ചുകൊണ്ട് 28-09-2024-ലെ സ.ഉ. (സാധാ) നം.535/2024/AHD പ്രകാരം ഉത്തരവായിട്ടുണ്ട്.** |
| (ബി) | പ്രകൃതിക്ഷോഭം, രോഗങ്ങൾ, വന്യമൃഗ ആക്രമണം, ഇടിമിന്നൽ, വൈദ്യുതി ആഘാതം എന്നിവ മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാണോ; വ്യക്തമാക്കുമോ; | (ബി) | **ലഭ്യമാണ്. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ, താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plauge മുതലായ രോഗങ്ങൾ എന്നിവയും, വന്യമൃഗ ആക്രമണം, ഇടിമിന്നൽ, വൈദ്യുതി ആഘാതം എന്നിവ മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്കും, 28/09/2024-ലെ സ.ഉ. (സാധാ) നം.535/2024/AHD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.** |
| (സി) | ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്:- 28/09/2024-ലെ സ.ഉ. (സാധാ) നം.535/2024/AHD പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്:-<br><br>1. ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>2. അത്യാഹിതം ഉണ്ടായി 3 മാസത്തിനകം അപേക്ഷ നൽകിയിരിക്കണം. |

3. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സൈ്വൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, വന്യമൃഗങ്ങളുടെ ആക്രമണം, തെരുവ് നായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, പാമ്പുകടി, വിഷ ബാധ, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കും, താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plague എന്നീ രോഗങ്ങൾ മൂലം മരണമടയുന്ന താറാവുകൾക്കും (വാക്സിനേഷൻ കൃത്യമായി ചെയ്തിട്ടും, യഥാസമയം ചികിത്സകൾ നൽകിയിട്ടും, ടി രോഗങ്ങൾ നിയന്ത്രണ വിധേയമായില്ല എന്നുള്ള Regional Disease Diagnostic Lab/ State Institute for Animal Diseases എന്നീ സ്ഥാപനങ്ങളിലെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) ഈ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കാം.

4. കർഷകർ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നിശ്ചിത അപേക്ഷ ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം അതാത് പ്രദേശത്തെ സർക്കാർ മൃഗാശുപത്രിയിൽ സമർപ്പിക്കേണ്ടതാണ്.

5. സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തി, വെറ്ററിനറി ഡോക്ടറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്, പോസ്റ്റുമോർട്ടം റിപ്പോർട്ട്, ഉരുവിന്റെ ദുരന്ത സ്ഥലത്തുവെച്ചെടുത്ത ഫോട്ടോ എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി സർജൻ ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് സമർപ്പിക്കണം.

6. നഷ്ടപരിഹാര അപേക്ഷയോടൊപ്പം സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വെറ്ററിനറി ഡോക്ടർ നൽകുന്ന പോസ്റ്റുമോർട്ടം റിപ്പോർട്ട് നിർബന്ധമാണ്. പോസ്റ്റുമോർട്ടം ചെയ്ത വെറ്ററിനറി സർജന്റെ പേര്, ഔദ്യോഗിക മുദ്ര, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. കൂടാതെ ആന്ത്രാക്സ്, റാബീസ്, ലംപി സ്കിൻ എന്നീ രോഗങ്ങളുടെ കാര്യത്തിൽ പോസ്റ്റുമോർട്ടം നടത്താത്ത പക്ഷം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിരിക്കണം.

7. ഇൻഷ്വറൻസ് ലഭിച്ചിട്ടില്ല എന്നതിന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ജില്ലാ കളക്ടറുടെ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന് കർഷകന്റെ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| | | | 8. ജില്ലാതലത്തിലുള്ള അപേക്ഷകൾ അതാത് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർമാർ (എ.എച്ച്) അദ്ധ്യക്ഷനായ സമിതി പരിശോധിയ്ക്കേണ്ടതും, അർഹരായവരെ കണ്ടെത്തി നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ